# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1855 08.06.2018 ൽ മറുപടിയ്ക്ക്

## സർവീസ് ബസുകളുടെ റണ്ണിംഗ് ടൈം

| ചോദ്യം<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഒരേ റൂട്ടിൽ സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകൾക്കും കെ.എസ്.ആർ.ടി.സി. ബസുകൾക്കും രണ്ട് രീതിയിൽ റണ്ണിംഗ് ടൈം അനുവദിക്കുന്നത് തുടരുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; | (എ) | സ്വകാര്യ ബസ്സുകൾ ഓർഡിനറി, ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവ്വീസുകൾ മാത്രമാണ് നടത്തുന്നത്. എന്നാൽ സൂപ്പർ ക്ലാസ് സർവ്വീസുകൾ നടത്തുന്നതിനുള്ള അവകാശം കെ.എസ്. ആർ.ടി.സി. യിൽ മാത്രം നിക്ഷിപ്തമാണ്. ഇക്കാരണത്താൽ രണ്ടു തരത്തിൽ റണ്ണിംഗ് ടൈം അനുവദിക്കാറുണ്ട്. സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ 04.01.2018-ൽ നടന്ന യോഗത്തിൽ ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവ്വീസുകൾ നടത്തുന്ന സ്വകാര്യ ബസ്സുകളുടെ റണ്ണിംഗ് ടൈം കെ.എസ്.ആർ.ടി.സി. യുടെ ഫാസ്റ്റ് പാസഞ്ചർ സർവ്വീസിന് നൽകിയിരുന്ന റണ്ണിംഗ് ടൈമിനേക്കാൾ കുറച്ച് നൽകികൊണ്ട് ഉത്തരവ് നൽകിയിരുന്നു. ഈ തീരുമാനത്തിനെതിരെ കെ.എസ്.ആർ.ടി.സി പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 21.04.2018-ാം തീയതിയിൽ ചേർന്ന STA യോഗം മേൽ വിഷയം പരിശോധിക്കുകയും സ്വകാര്യ ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവ്വീസിന്റെ സമയം അതുപോലെ നിലനിർത്തി കൊണ്ട് തന്നെ കെ.എസ്.ആർ. ടി.സി യുടെ ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളുടെ റണ്ണിംഗ് ടൈം 2 മിനിട്ടിൽ നിന്ന് 1.30 മിനിട്ടായി കുറച്ച്കൊണ്ട് ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | റണ്ണിംഗ് ടൈം കറവുള്ള സ്വകാര്യ ബസ്സുകളെയാണോ അതോ കെ.എസ്.ആർ.ടി.സി. ബസ്സുകളെയാണോ യാത്രക്കാർക്ക് അധികവും ആശ്രയിക്കാൻ താൽപ്പര്യം ഉണ്ടാകുന്നത് എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) & (സി) | (എ) യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല. |
| (സി) | ഗവൺമെന്റിന്റെ ഈ നയം സ്വകാര്യ ബസ് മുതലാളിമാർക്ക് മാത്രമേ ഗുണകരമാകുന്നുള്ളുവെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | | |
| (ഡി) | പൊതുഗതാഗതമേഖലയ്ക്ക് ഗവൺമെന്റിന്റെ ഈ നടപടി ഹാനികരമാകുമെങ്കിൽ ആയത് പുനഃപരിശോധനയ്ക്ക് വിധേയമാക്കുമോ; വിശദമാക്കുമോ? | (ഡി) | സർക്കാരിന്റെ ഏതെങ്കിലും തീരുമാനം കെ.എസ്.ആർ.ടി.സി യ്ക്ക് ഹാനികരമാണെന്ന് ബോധ്യമായാൽ അത് പുനഃപരിശോധിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**